1. പമ്പാ നദീതട പദ്ധതി
2. പെരിയാർ നദീതട പദ്ധതി
3. കല്ലട ജലസേചന പദ്ധതി
4. ചിറ്റൂർ പുഴ ജലസേചന പദ്ധതി
5. കുറ്റിയാടി ജലസേചന പദ്ധതി
6. പഴശ്ശി ജലസേചന പദ്ധതി
7. കാഞ്ഞിരപ്പുഴ ജലസേചന പദ്ധതി
8. മൂവാറ്റുപുഴ നദീതട പദ്ധതി
9. ചിമ്മിനി അണക്കെട്ടു പദ്ധതി
10. അട്ടപ്പാടി നദീതട പദ്ധതി
11. കാരാപ്പുഴ ജലസേചന പദ്ധതി

(ഡി) താഴെ പറയുന്ന കാലാവധിക്കു പൂർത്തിയാക്കുവാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

1.	പമ്പാ	1986–87
2.	കുറ്റിയാടി	1986–87
3.	ചിറ്റൂർ പുഴ	1986–87
4.	പെരിയാർ വാലി	1987–88
5.	പഴശ്ശി	1987–88
6.	കാഞ്ഞിരപ്പുഴ	1987–88
7.	കല്ലട	1988–89
8.	ചിമ്മിനി	1988–89
9.	മൂവാറ്റുപുഴ	എട്ടാം പദ്ധതിയിൽ
10.	അട്ടപ്പാടി	,,
11.	കാരാപ്പുഴ	,,

സാമൂഹ്യക്ഷേമ വകുപ്പ് ഏറ്റെടുത്ത ബാലവാടിയിലെ അദ്ധ്യാപികമാർ

* 81 [81] ശ്രീ. ആർ.എസ്. ഉണ്ണി:
,, എ.സി. ഷൺമുഖദാസ്:
,, എ.വി. താമരാക്ഷൻ:
,, കെ. കൃഷ്ണൻകുട്ടി:
,, കെ.കെ. ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യവികസന വകുപ്പിന്റെ കീഴിൽ പ്രവർത്തിച്ചിരുന്ന എത്ര ബാലവാടികളാണ് സാമൂഹ്യക്ഷേമ വകുപ്പ് ഏറ്റെടുത്ത് അംഗനവാടികളാക്കി മാറ്റിയിട്ടുണ്ട്;

(ബി) ബാലവാടി അദ്ധ്യാപികമാരായി പ്രവർത്തിക്കുന്നവർക്ക്, ബാലവാടി ഏറ്റെടുക്കുമ്പോൾ അംഗനവാടി വർക്കർമാരായി നിയമനം കൊടുത്തു കഴിഞ്ഞിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ എത്ര ബാലവാടി അദ്ധ്യാപികമാരെയാണ് ഇതുവരെയായി അംഗനവാടി വർക്കർമാരായി നിയമിച്ചിട്ടുള്ളത് എന്ന് വെളിപ്പെടുത്താമോ?

LIBRARY ARCHIVES Kerala Legislative Assembly

സഹകരണവകുപ്പ് മന്ത്രി (ശ്രീമതി. എം. കമലം):

(എ) സാമൂഹ്യ വികസന വകുപ്പിന്റെ കീഴിലുണ്ടായിരുന്ന 836 ബാലവാടികളും അംഗനവാടികളാക്കി മാറ്റിയിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) 836 ബാലവാടി അദ്ധ്യാപികമാർക്ക് അംഗനവാടി വർക്കർ മാരായി നിയമനം നൽകിയിട്ടുണ്ട്.

ഗവൺമെന്റ് പബ്ലിക് പ്രോസിക്യൂട്ടർമാരുടെ ഒഴിവുകൾ

* 32 [32] ശ്രീ. സിദ്ധാർത്ഥൻ കാട്ടുങ്ങൽ:
,, തോപ്പിൽ രവി:
,, രാഘവൻ പൊഴക്കടവിൽ:
,, കെ. രാഘവൻ മാസ്റ്റർ:
,, എ.സി. ജോസ്: താഴെ കാണുന്ന ചോദ്യത്തിന് നിയമവും ജലസേചനവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ കോടതികളിൽ ഗവൺമെന്റ് പബ്ലിക് പ്രോസി ക്യൂട്ടർമാരുടെ ഒഴിവുകൾ എത്രയുണ്ടെന്ന് വ്യക്തമാക്കാമോ?

നിയമവും ജലസേചനവും വകുപ്പ് മന്ത്രി (ശ്രീ. കെ.എം. മാണി):

സംസ്ഥാനത്തെ കോടതികളിൽ പബ്ലിക് പ്രോസിക്യൂട്ടർമാരുടെ ഒഴിവുകൾ ഒന്നുമില്ല.

എം.എൽ.എ. റോഡുകൾ

* 33 [33] ശ്രീ. കെ. മുഹമ്മദാലി:
,, കെ.പി. രാമൻ:
ശ്രീമതി റേച്ചൽ സണ്ണി പനവേലി:
ശ്രീ. കെ.കെ. ശ്രീനിവാസൻ:
,, എം.വി. രാഘവൻ: താഴെ കാണുന്ന ചോദ്യ ങ്ങൾക്ക് ഉപമുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.എൽ.എ. റോഡുകളിൽ എത്ര റോഡുകളുടെ പണി ഇതുവരെയായി പൂർത്തിയായിട്ടുണ്ട്;

(ബി) അവ ഏതെല്ലാം; ഏതെല്ലാം ജില്ലയിൽ; ഏതെല്ലാം നിയോജകമണ്ഡലങ്ങളിൽ;

(സി) എം.എൽ.എ. റോഡ് പദ്ധതിയിൽ ഉൾപ്പെടുത്തി ആകെ എത്ര റോഡുകൾക്ക് ഇതുവരെ ഭരണാനുമതി നൽകിയിട്ടുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly